പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1756      21/01/2014- ൽ മറുപടിക്ക്

## കടുത്തുരുത്തിയിലെ റീജിയണൽ വെറ്ററിനറി പോളിക്ലിനിക് & റഫറൽ സെന്റർ

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ്: | മറുപടി<br>ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
|---|---|
| (എ) കടുത്തുരുത്തി കേന്ദ്രമായി റീജിയണൽ വെറ്ററിനറി പോളിക്ലിനിക് & റഫറൽ സെന്റർ ആരംഭിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ ഫയൽ നമ്പർ എ.എച്ച്.ജി3/34818/2013ലെ തുടർനടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) കടുത്തുരുത്തി കേന്ദ്രമായി റീജിയണൽ വെറ്ററിനറി പോളിക്ലിനിക് & റഫറൽ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നത് മൃഗസംരക്ഷണവകുപ്പിന്റെ 9889/എ.എച്ച്.ജി2/2013/കൃഷി എന്ന ഫയലിലാണ്. ഇക്കാര്യത്തിന്മേൽ ശുപാർശ ലഭ്യമായിട്ടുണ്ടെങ്കിലും സ്ഥലലഭ്യത, കെട്ടിടത്തിന്റെ പ്ലാൻ/സ്കെച്ച് എന്നിവ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. 34818/എഎച്ച്ജി2/ 2013 എന്ന ഫയലിൽ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയമാണ് കൈകാര്യം ചെയ്യുന്നത്. ഇത് സംബന്ധിച്ച റിപ്പോർട്ടൊന്നും ലഭ്യമായിട്ടില്ല. |
| (ബി) ഇതുസംബന്ധിച്ച് ഡീറ്റയിൽഡ് പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;<br>(സി) വെറ്ററിനറി പോളിക്ലിനിക്കിന്റെ ഡീറ്റയിൽഡ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ? | **(ബി)യും (സി) യും**<br>ഇതു സംബന്ധിച്ച് ഡീറ്റയിൽഡ് പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ